# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1410 06/03/2018-ൽ മറുപടിക്ക്

## ഓവർസിയർമാരുടെ തസ്തികകൾ നികത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **(ശ്രീ. യു.ആർ. പ്രദീപ്)** | | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ ഗ്രേഡുകളിലായി എത്ര ഓവർസിയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; അതിന്റെ വിശദാംശം വ്യക്താമാക്കുമോ ; | (എ) | ഒന്നാംതരം ഓവർസീയർ - 173<br>രണ്ടാംതരം ഓവർസീയർ - 52<br>മൂന്നാംതരം ഓവർസീയർ - 512 |
| (ബി) | ഓവർസിയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കുവാൻ കഴിയുന്നില്ല എന്നത് കണക്കിലെടുത്ത് ഓവർസിയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് മുന്തിയ പരിഗണന നൽകി നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഒന്നാംതരം ഓവർസീയറുടെ 161 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടതാണ്. ആയതിന് നടപടി സ്വീകരിച്ചു വരുന്നു. 12 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടാം തരം ഓവർസീയറുടെ 17 എൻ.ജെ.ഡി ഒഴിവുകളും 7 എസ്.റ്റി ഒഴിവുകളും റിപ്പോർട്ട് ചെയ്തതിൽ നിയമന ശുപാർശ പി.എസ്.സി യിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. പ്രൊമോഷൻ വഴി നികത്താനുള്ള (22 ഒഴിവുകൾ) നടപടികൾ പൂർത്തിയായി വരുന്നു. അവശേഷിക്കുന്ന എൽ.ഡബ്ല്യു.എ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. മൂന്നാംതരം ഓവർസീയർ തസ്തികയിൽ 508 പേർക്ക് പി.എസ്.സി മുഖേന നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ പലരും ജോയിൻ ചെയ്ത് വരുന്നതേയുള്ളു. |

**സെക്ഷൻ ഓഫീസർ**